**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2504** **15-10-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ വൈദ്യുത കണക്ഷൻ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി പാലക്കുഴി പ്രദേശത്ത് താമസിക്കുന്ന പത്ത് കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കണമെന്നാവശ്യപ്പെട്ട് ആലത്തൂർ എം.എൽ.എ. 24.06.2021-ന് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി പാലക്കുഴി പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിനായി നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വനംവകുപ്പിന്റെ അനുമതിക്കായി 2017-ൽ ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചിരുന്നു. 24.06.2021- ൽ ആലത്തൂർ MLA ശ്രീ. കെ.ഡി.പ്രസേനൻ നൽകിയ കത്തിനെ തുടർന്ന് നിരവധി തവണ വനം വകുപ്പുമായി ബന്ധപ്പെട്ടുവെങ്കിലും നാളിതു വരെ വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് വൈദ്യുതി നൽകുന്നതിന് വനം വകുപ്പ് ഉന്നയിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത കുടുംബങ്ങൾ വനം കൈയ്യേറി അനധികൃതമായി താമസിക്കുന്നവരാ ണെന്നും അനുമതി നൽകാൻ കഴിയില്ല എന്നും വനം വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| (സി) | വനം വകുപ്പുമായി ചർച്ച ചെയ്ത് പ്രസ്തുത കുടുംബങ്ങൾക്ക് ഉടൻ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | വനം വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്ന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ